"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ബേപ്പൂർ തുറമുഖത്തെ റീച്ച്സ്റ്റാക്കർ ക്രെയിനുകൾക്ക് സ്പെയർ പാർട്സുകൾ ലഭ്യമാക്കുന്നതിന് ഭരണാനുമതി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.249/2025/F&P തീയതി,തിരുവനന്തപുരം, 07-04-2025

---

പരാമർശം:- കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 01/04/2025 തീയതിയിലെ HOKMB-TVM/1287/2023-D1 (Tech) നമ്പർ കത്ത്.

**ഉത്തരവ്**

ബേപ്പൂർ തുറമുഖത്തെ റീച്ച്സ്റ്റാക്കർ ക്രെയിനുകളുടെ എ.എം.സി കരാർ 31//07/2024-ൽ M/s Kalmar India Private Ltd (Formerly Cargotec India Pvt. Ltd, Navi Mumbai), ചെന്നൈയുമായി പുതുക്കുകയും തുടർന്ന് ടി സ്ഥാപനത്തിൽ നിന്നുള്ള സർവ്വീസ് എഞ്ചിനീയർ മേൽ ക്രെയിനുകൾ പരിശോധന നടത്തി സമർപ്പിച്ച സർവ്വീസ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ബേപ്പൂർ തുറമുഖത്തെ റീച്ച് സ്റ്റാക്കറിന്റെ (Sl No.2015-01-073-189-329) സർവ്വീസ് നടത്തുന്നതിനായി 3,86,812/-രൂപയുടെയും, കൊല്ലം തുറമുഖത്ത് നിന്ന് ബേപ്പൂർ തുറമുഖത്തേക്ക് കൊണ്ടുവന്ന റീച്ച്സ്റ്റാക്കറിന്റെ (Sl.No. 2015-01-073-189-328) സർവ്വീസ് നടത്തുന്നതിനായി 6.14,255/- രൂപയുടെയും സ്പെയർ പാർട്സുകളുടെ ക്വട്ടേഷനുകൾ ചേർത്ത് ആകെ 10,01,067/- രൂപയുടെ ക്വട്ടേഷൻ തുടർനടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് തുറമുഖ ഓഫീസർ സമർപ്പിച്ചിട്ടുണ്ടെന്ന് സി.ഇ.ഒ പരാമർശ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. അടുത്ത എ.എം.സി സർവ്വീസിന് സ്പെയർ പാർട്സ് തുക ആവശ്യമായിട്ടുള്ള സാഹചര്യത്തിൽ ബേപ്പൂർ തുറമുഖത്തെ റീച്ച് സ്റ്റാക്കറിന്റെ Sl No. 2015-01-073-189-329) സർവ്വീസ് നടത്തുന്നതിനായി 3,86,812/- രൂപയുടെ സ്പെയർ പാർട്സുകളുടെ ക്വട്ടേഷനും, കൊല്ലം തുറമുഖത്ത് നിന്ന് ബേപ്പൂർ തുറമുഖത്തേക്ക് കൊണ്ടുവന്ന റീച്ച് സ്റ്റാക്കറിന്റെ Sl No.2015-01-073-189-328) സർവ്വീസ് നടത്തുന്നതിനായി 6,14,255/- രൂപയുടെയും സ്പെയർ പാർട്സുകളുടെ ക്വട്ടേഷനും ചേർത്ത് ആകെ 10,01,067/- രൂപയുടെ M/s Kalmar India Private Ltd (Formerly Cargotec India Pvt. Ltd, Navi Mumbai), ചെന്നൈ എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ച് ഭരണാനുമതി "5051-80-800-98 Augmentation of Workshop and Store Organisation 24 Materials and Supplies" എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേരള മാരിടൈംബോർഡ് സി.ഇ.ഒ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ബേപ്പൂർ തുറമുഖത്തെ റീച്ച് സ്റ്റാക്കറിന്റെ Sl No. 2015-01-073-189-329) സർവ്വീസ് നടത്തുന്നതിനായി 3,86,812/- രൂപയുടെ സ്പെയർ പാർട്സുകളുടെ ക്വട്ടേഷനും,കൊല്ലം തുറമുഖത്ത് നിന്ന് ബേപ്പൂർ തുറമുഖത്തേക്ക് കൊണ്ടുവന്ന റീച്ച്

സ്റ്റാക്കറിന്റെ Sl No. 2015-01-073-189-328) സർവ്വീസ് നടത്തുന്നതിനായി 6,14,255/- രൂപയുടെയും സ്പെയർ പാർട്സുകളുടെ ക്വട്ടേഷനും ചേർത്ത് ആകെ 10,01,067/- രൂപയുടെ M/s Kalmar India Private Ltd (Formerly Cargotec India Pvt. Ltd, Navi Mumbai), ചെന്നൈ എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ച് ഭരണാനുമതി "5051-80-800-98 Augmentation of Workshop and Store Organisation 24 Materials and Supplies" എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU V K
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
P Y Usha
സെക്ഷൻ ഓഫീസർ
Date: 07-04-2025 10:50:00